മുദ്രകൾ

# തഫ്ഹീം കമ്പ്യൂട്ടർ പതിപ്പ് സെപ്റ്റംബറിൽ

**മൗലാനാ** മൗദൂദിയുടെ വിശ്വപ്രശസ്ത ഖുർആൻ വ്യാഖ്യാന കൃതിയാണ് *തഫ്ഹീമുൽ ഖുർആൻ*. അതിന് പിന്നിൽ മൗദൂദിയുടെ മുപ്പതുവർഷത്തെ കഠിനാധ്വാനമുണ്ട്. ഖുർആന്റെ ചൈതന്യത്തിലേക്കും ആശയ പ്രപഞ്ചത്തിലേക്കുമുള്ള ഒരു തീർഥയാത്രയാണത്. ജനലക്ഷങ്ങളെ അത് സ്വാധീനിച്ചു; ഇന്നും സ്വാധീനിച്ചു കൊണ്ടിരിക്കുന്നു. മലയാളം ഉൾപ്പെടെയുള്ള നിരവധി ഭാഷകളിലേക്ക് തഫ്ഹീം വിവർത്തനം ചെയ്യപ്പെട്ടു. നിരന്തരം ഇറങ്ങിക്കൊണ്ടിരിക്കുന്ന *തഫ്ഹീമി*ന്റെ പുതിയ മലയാള പതിപ്പുകൾ അതിനു ലഭിക്കുന്ന സ്വീകാര്യതക്ക് തെളിവാണ്.

മാറുന്ന കാലവും വായനാ രീതിയും മുന്നിൽകണ്ടാണ് *തഫ്ഹീമി*ന്റെ മലയാളം കമ്പ്യൂട്ടർ പതിപ്പ് (സിഡി/ഡിവിഡി വേർഷൻ) ഇറക്കാൻ ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് കഴിഞ്ഞ വർഷം തീരുമാനിച്ചത്. ശാന്തപുരം അൽ ജാമിഅയിലെ ഐ.ടി സെന്റർ കേന്ദ്രീകരിച്ച് ഡിജിറ്റൈസേഷൻ ജോലികൾ മുടങ്ങാതെ മുന്നോട്ടുനീങ്ങി. കമ്പ്യൂട്ടർ പതിപ്പ് 2008 സെപ്റ്റംബറിൽ പുറത്തിറങ്ങുമെന്നാണ് ഭാരവാഹികൾ അറിയിച്ചിരിക്കുന്നത്.

ഉർദു, ഇംഗ്ലീഷ് ഭാഷകളിൽ *തഫ്ഹീമി*ന്റെ ടെക്സ്റ്റുകൾ ലഭ്യമാണ് ഇന്റർനെറ്റിൽ. ഖുർആൻ ഉർദു, തദ്കീർ, തഫ്ഹീം തുടങ്ങി നിരവധി സൈറ്റുകൾ ഈ സേവനം നൽകിവരുന്നു. *തഫ്ഹീമുൽ ഖുർആൻ* ഇൻഡക്സും അടിക്കുറിപ്പുകളും സഹിതം സെർച്ച് ചെയ്യാനുള്ള സൗകര്യത്തോടെ ഒരുക്കുകയാണ് ഈ സൈറ്റുകൾ ചെയ്തിട്ടുള്ളത്.

ഇതിനെക്കാളേറെ വിപുലമായ സൗകര്യങ്ങളുള്ളതാണ് മലയാളത്തിൽ ഇറങ്ങാൻ പോകുന്ന പതിപ്പ്. ഉസ്മാനിയാ ലിപി, ഖുർആൻ പദങ്ങളുടെ വാക്കർഥം, മലയാളത്തിലും ഇംഗ്ലീഷിലും ആയത്തുകളുടെ അർഥം, വ്യത്യസ്തരീതികളിൽ ഇൻഡക്സ് സൗകര്യം, *തഫ്ഹീം* ആദ്യംമുതൽ പേജ് മറിച്ച് വായിക്കാൻ സൗകര്യം, *തഫ്ഹീമി*ലെ ആയിരക്കണക്കിന് പദങ്ങളുടെ വിശദീകരണം, മൂന്നുപ്രശസ്ത ഖാരിഉകളുടെ പാരായണം, കോപ്പി-പേസ്റ്റ് സൗകര്യം, *തഫ്ഹീമി*ലെ ഹദീസുകൾ സനദ് സഹിതം, പദം അടിസ്ഥാനമാക്കി വ്യത്യസ്ത രീതിയിൽ സെർച്ച്, തജ്‌വീദ് പഠനത്തിന് വിപുലമായ സൗകര്യം, ഖുർആൻ മനഃപാഠ സൗകര്യം, ഖുർആൻ പദങ്ങളുടെയും *തഫ്ഹീം* പദങ്ങളുടെയും വിപുലമായ ഇൻഡക്സ്, അനേകം ചിത്രങ്ങളും മാപ്പുകളും ഓഡിയോ-വീഡിയോ ക്ലിപ്പുകളും, ഖുർആൻ ലൈബ്രറി, റഫറൻസ് ഗ്രന്ഥങ്ങൾ, ഖുർആൻ ക്വിസ്...... ഇങ്ങനെ ഖുർആൻ പഠിക്കാനുള്ള ഒരു സമഗ്ര പാക്കേജാണ് ഒരുക്കിയിരിക്കുന്നത്.



2008 ജൂണിൽ രജിസ്ട്രേഷൻ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക്:

**ഫോൺ:** 9895046295/9447426247. E-mail:thafheem@gmail.com. Web:www.thafheem.info